ജുഗൽബന്ദി

ബിനു എം. പള്ളിപ്പാട്

ജൂഗൽബന്ദി
ബിനു എം. പള്ളിപ്പാട്
(മലയാളം: കവിത)

© 2021, Binu M. Pallipad

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Odalisque, a painting by Harold Piffard. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 ജുഗൽബന്ദി 4

2 മരിച്ചയാൾ 5

3 മൊഴിയാൽ രണ്ടുരുവപ്പടങ്ങൾ 6

4 കഥാർസിസ്. 7

5 ഇളവേനിൽ കുറിപ്പുകൾ . . . 8

1

ജുഗൽബന്ദി



ടീവിയിൽ
കലാവതിയിൽ[1]
സഹോദര ശബ്ദങ്ങളുടെ
പ്രഭാതസവാരി

തലപ്പുകളിൽ നിന്ന്
തലപ്പുകളിലേക്ക്
പാർന്നിഴകൂടിച്ചേർന്ന്
പഴുതടച്ച പാട്ടിൽ
പാരമ്പര്യങ്ങളിണങ്ങി.

'ധാ'യും 'നി'യും പോലെ
കമഴ്ന്നും മലർന്നും
സ്വരങ്ങൾ.
പിടിച്ചിട്ട ചെറുമീൻ പോൽ
താളം നിമിഷത്തെ
നിശ്ചയിക്കുമപ്പോൾ.

പോകെപ്പോകെ
അതിന്റെ ഗതി മാറി
വിലംബം വിട്ടനു-
ദ്രുതത്തിലെത്തീ വേഗം.
സഹോദരങ്ങളതിലിപ്പോ
ളൊരു ശബ്ദം,മിഴി
കൂമ്പിയിണങ്ങി ചിരിച്ചു.

പൊടുന്നനവേ
അവിടം മങ്ങിക്കടൽ
പോലൊരു പാടം
കണ്ണ് ചിമ്മിത്തെളിഞ്ഞു.

അതിന്റെ കരക്കുള്ള
ഒറ്റ വീടിന്റെ
മുറ്റത്തെക്കസേരയിൽ
കാലൊടിഞ്ഞൊരാൾ
തുടിച്ചോ കുതിച്ചോ
അശയാതെ
മറ്റൊരോർമ്മയിലിരിക്കുന്നു.

അയാളുടെ കിഴക്കിപ്പോൾ
മഞ്ഞപതഞ്ഞുരയും കാറ്റ്
കതിരിൻ തിരതല്ലും കടൽ
അതയാൾ കാണുന്നില്ല

ഒരുങ്ങുന്നുണ്ട് ചേറ്
വണ്ടികൾക്കു മുമ്പുള്ള
ഏരു് കാളകളുഴുന്നുണ്ട്
പറക്കും പക്ഷികൾ
ഇരണ്ടകളിരമ്പം തീർത്ത്
നീങ്ങും നിഴൽത്തണൽ
പൊയ്ക്കാലൻ കിളി കൊത്തുമ്മീനുകൾ
നിരന്ന് പൊങ്ങും
കാപ്പിരിയീണത്തിന്റെ വെറി[2]

അത് ഒരു ഇരട്ടകളുടെ
കാവലുള്ള പുഞ്ച...
മുറിഞ്ഞ
വരമ്പുകളുടെ അതിരിൽ
നിന്നവർ കരുത്തൻമാർ
ഒന്നും രണ്ടും പറഞ്ഞ്
തർക്കിച്ച് തർക്കിച്ച്
തെറിച്ചതിലൊരാൾ
ചാടി വീണു.

കടും ഭാഷയുടെ ഇരുമ്പിൽ
കമ്മാളൻ തീർത്ത
രാഗത്തിന്റെ ശൈലിയിൽ
ഒരുവന്റെ ശബ്ദത്തെ
താളത്തിൽ വെട്ടി വെട്ടി
ഇല്ലാതാക്കി-
ക്കുത്തിക്കുത്തി
ഞരക്കുമ്പോൾ
സന്ധ്യ ഒറ്റുകാരൻ
തെണ്ടിപോലെ പടിഞ്ഞാറ് പമ്മി
മുഴുത്ത കരിമേഘം
അച്ഛനായ് വന്ന് വിലക്കി

എത്ര സമയം വേണം
ഒരു ശബ്ദത്തെ
അതിന്റെ വേദനയുടെ
ഈണത്തെ,
രണ്ട് സഹോദരങ്ങളെ,
അറ്റ് പോകുന്ന കണ്ണികളെ,
പാട്ടു പോലൊരായുധം കൊണ്ട്
ഒന്നാക്കാനും
അവരിൽ ഒന്നിനെ
ഇല്ലാതാക്കാനും.

ചെളിയിൽ കലർന്ന
ചോര
സ്വരം ശ്രുതിയിൽ
കലർന്ന ലയം

കുറച്ചകലെ മലച്ച
ചാല് അതിൽ
ദുഃഖത്തിന്റെ മഷി.

കലാവതി
ദിക്ക് തുളച്ച്
മാളങ്ങളിലേക്ക്
പാരമ്യതകളുടെ
പടം പൊഴിഞ്ഞില്ലാ-
താവുമ്പോൾ

ഒറ്റ സഹോദരൻ
ദുഃഖം മുറിക്കാനൊരു
വാളില്ലാതെ
രാപ്പകലുകളുടെ
നീളമറിയാതെ
ദൂരം നോക്കിയിരിയുന്നു

---

1. കലാവതി ഒരു ഹിന്ദുസ്ഥാനി രാഗം.
2. പാടത്ത് കന്ന് ഉഴുന്ന സമയം ഉഴവുകാർ ഉണ്ടാക്കുന്ന ഒരു പ്രത്യേക തരം ഈണം.

2

മരിച്ചയാൾ

ഒരിക്കൽ ഒരു ശവം
ആറ്റിലൂടൊഴുകി വന്നു.

അത് വഴി മീൻ
പിടിക്കാൻ പോയ ഒരാൾ
തന്റെ തുഴകൊണ്ടതിനെ
പണിപ്പെട്ട് മലർത്തിയിട്ട്
പോക്കറ്റിൽ നിന്ന് ഒരു ചീപ്പും
കുറച്ച് പൈസയും എടുത്തു.

ഒരാറടിയോളം പൊക്കം വരുന്ന
മരിച്ചയാളുടെ കൈയ്യിൽ
ഒരു മോതിരമുണ്ടായിരുന്നു.

ആ വാർത്ത രാത്രി തന്നെ
നാടു മുഴുവൻ പരന്നു.

ഇതറിഞ്ഞ
നാല് ചെറുപ്പക്കാർ ആ മോതിരമെടുക്കാൻ
തീരുമാനിച്ചു...

അവർ രാത്രിയുടെ
വിളക്കണയ്ക്കാൻ
പല വഴിക്ക് ശ്രമിച്ചു.
ഒടുവിൽ ചതച്ച
വാഴപ്പോളകൊണ്ട്
കരണ്ട് കമ്പിക്ക്
കുറുകെയെറിഞ്ഞ് ഒരു വിസ്ഫോടനത്തോടെ
ആ പുഴയോരം മുഴുവൻ
ഇരുട്ടിലാക്കി

ഒഴുകിപ്പോയ വഴികൾ
ശീലാന്തിത്തിട്ടകൾ
പുലിമുട്ടുകൾ, കൈത്തോടുകൾ
ചെറുമലരികൾ, ചുഴികൾ മുഴുവനരിച്ചുപെറുക്കി.

അത് മലർന്ന്
കൈയ്യകത്തി
അവർക്ക് മുന്നേ എങ്ങോട്ടോ ഒഴുകിപ്പോയി

ഇപ്പോഴിരിട്ടും
ഇരുണ്ട വള്ളവും
അവരും ഒറ്റ നിറത്തിന്റെ
ചിത്രമായ് നമുക്ക് നിശ്ചയിക്കാം

തുഴയാൽ വാരിപ്പിടിക്കും
വെള്ളത്തിന്റെ മൂളലിൽ
വള്ളം പതുങ്ങിക്കുതിച്ചു.

മണിക്കൂറുകൾ അകലം പോയി അവർ മടുത്തു.
അവർക്ക് മേലേ
പറന്ന കിളിയുടെ
കരച്ചിൽ ഒരുവനിൽ
സംശയമുണർത്തി.

അവർ വിദൂരമായ ഒരു
ദുർഗന്ധത്തിന്റെ
ദൂരമളന്നു തുഴഞ്ഞു.

സിഗരറ്റ് ലാമ്പിന്റെ കനമില്ലാത്ത പ്രകാശത്തിൽ
വാഴപ്പിണ്ടിയും പായൽകൂട്ടവും പതുങ്ങിക്കിടന്നു

ആ ദിക്കിലൂടെ അവർ കുറച്ച് കൂടി
മുന്നോട്ട് തുഴഞ്ഞു
അഞ്ചാമതൊരാളേപ്പോലെ
രൂക്ഷഗന്ധം പരന്നു തുടങ്ങി,
കാറ്റിൽ
പരുന്തിന്റെ ശബ്ദം
പാളിയകന്നു.

അവർ തുഴ അയച്ച്
വള്ളം നിശ്ചലമാക്കി.
കാറ്റിൽ തിങ്ങിക്കൂടിയ
ഒഴുക്കുചപ്പുകൾക്കിടയിൽ
ശവം പതുങ്ങിക്കിടന്നു.

അസാധാരണമാം വിധം
കൈയ്യകത്തി വളച്ച്
കണ്ണുതുറിച്ച്
വായ തുറന്ന്
മുകളോട്ട് നോക്കി എന്തോ
പറയുന്നതുപോലെ തോന്നും
ആ കിടപ്പ് കണ്ടാൽ.

പതുക്കെ ചപ്പിൽ നിന്നതിനെ
വേർപെടുത്തി
തുഴ തൊട്ടുവിച്ചപ്പോൾ
അതു വഴങ്ങി
തെളിവുള്ളിടത്തേക്ക്
വന്നു.

ഒരാൾ മുഖം തിരിച്ച് പിടിച്ച്
അതിന്റെ കൈ
വള്ളത്തിന്റെ വങ്കിലേക്ക് വച്ചു.

രൂക്ഷമായ ദുർഗ്ഗന്ധം
വിശ്വസ്തനായ
നായയേപ്പോലെ
അവരെ അകറ്റി നിർത്തി.

വിരലിൽ പരതി
മോതിരം ചെറുതായ്
വലിച്ചപ്പോഴേക്കും
കുറച്ച് മാംസവുമായി
ആ ലോഹം താഴെ വീണ്
മുഴങ്ങി

വിശപ്പ് തീർന്ന
ഒരു കാരിമീനിനെപ്പോലെ
വള്ളം നാല് കൈകളിൽ
തിരിഞ്ഞ് വീട്ടിലേക്ക് മടങ്ങി

പിറ്റേന്ന്
അവരത് നഗരത്തിൽ
എവിടെയോ
കൊണ്ടു പോയ് വിറ്റു.

ആ രാത്രി മുതൽ
ഉറക്കമില്ലാത്ത ഒന്ന്
അവരുടെ വീടുകളിൽ
നിശബ്ദതകൾക്കായ്
കാത്തു നിന്നു.

ആളനക്കമില്ലാതാവുമ്പോൾ
വസ്തുക്കൾക്ക്
പിന്നിലെ നിഴലിൽ നിന്ന്
ഒരു പട്ടം പോലെ
ഉയർന്ന്

3

മൊഴിയാൽ രണ്ടുരുവപ്പടങ്ങൾ

പ്രാന്തിക് സ്റ്റേഷനിലെ
തട്ടുകടയിൽ നിന്ന്
മൺ കോപ്പയിൽ ചായ

പടിഞ്ഞാറ് നിന്നുള്ള
സ്വർണ്ണ വെട്ടത്തിൽ
കൊയ്ത്ത പാടത്തിന്
നടുവിലൂടെ ചെമ്മൺപാത വഴി
രണ്ട് കിലോമീറ്റർ
ചെല്ലുന്നിടത്താണ്
അനാഥ് ബന്ധുവിന്റെ വീട്

പ്രദീപ് മെഹന്ദോ
മുന്നേ പോയി
ഞങ്ങൾ മൂന്ന് സൈക്കിളിലാണ്
അങ്ങോട്ട് പോയത്

അയാൾ അസമിലെ
ബോഡോയിൽ നിന്ന്
വർഷങ്ങളായി
ശാന്തിനികേതനടുത്ത്
താമസിക്കുന്ന ശില്പിയാണ്
ഭാര്യയും രണ്ട് കൈക്കുഞ്ഞുങ്ങളുമുണ്ട്
അയാൾക്ക്

മണ്ണും ചതച്ചമുളയും
പനയോലയും
അരിഞ്ഞ കച്ചിയും ചേർത്ത്
സ്വർണ്ണ നിറത്തിൽ
തടാകക്കരയിലെ
രണ്ടു നിലകളുള്ള
കുടിലിലാണ് താമസം.

ഒരിക്കൽ
ഒരു മഴക്കാലത്ത്
ഹൗറാബ്രിഡ്ജിന്
താഴെയുള്ള
പൂച്ചന്തയിലൂടെ
ഞങ്ങൾ കടിച്ച് നടന്നിട്ടുണ്ട്

പൂവിതളുകൾ
വീണഴുകിയ മുട്ടോളം
ചേറിന് മനുഷ്യൻ
ചീഞ്ഞതിനേക്കാൾ
മണമുണ്ടന്നയാൾ
പറഞ്ഞ് ചിരിച്ചതോർക്കുന്നു.

പിന്നെ ഞങ്ങൾ
സോനാഗച്ചിയിൽ പോയി
നരച്ചവെയിലിൽ
തെരുവുപട്ടികൾ നിറഞ്ഞ
ഒരിടവഴിയിൽ
കുലുങ്ങുന്ന മറക്കുടക്കടിയിൽ
കാല് പുറത്ത് കാണാവുന്ന
രണ്ടു പേർ അണച്ച്
വിയർക്കുന്നത് കണ്ടു.

കൽക്കത്തയിലെ
പ്രധാന ഗാലറികളിലെല്ലാം
അയാളുടെ ശില്പങ്ങളുണ്ട്
അസമിൽ നിന്ന്
ലോറിയിൽ കൊണ്ടുവരുന്ന
കൂറ്റൻ മര ഉരലുകൾ
മുറിച്ചുണ്ടാക്കുന്ന
ചാരു ബഞ്ചുകൾ
അയാളുടെ സംഭാവനകളാണ്

മൂക്കുത്തിക്കല്ലുകൾ
മെഴുക്കിൽ പുതഞ്ഞ
മൺവിളക്കുകൾ
കുപ്പിവളകൾ
കല്ലുവട്ടുകൾ
ബർണ്ണറുകൾ
പല നിറങ്ങളിലുള്ള
സിറാമിക്
കില്ലോട്ടുകൾ
ആണികൾ സ്ക്രൂ
തുടങ്ങി
അക്കാലത്തുപേക്ഷിച്ചവയും
ഉടഞ്ഞുപോയവയും
കറുത്ത അരക്കിൽ
ഒട്ടിച്ചു ചേർത്ത
ചാരു ബഞ്ചുകൾ
വിൽക്കാൻ വച്ചവയിൽ ഉണ്ട്.

ഞങ്ങൾ പാടത്തിന്
നടുക്ക് പാത വന്നു
ചേരുന്നിടത്ത്
മരങ്ങൾക്ക് നടുവിലെ
ഒറ്റ വീട്ടിലേക്ക് ചെന്നു.
സമയം ഇരുണ്ട് കറുത്തു.

അങ്ങകലെ
പാടത്തിന്റെ കരയിലൂടെ
ഒരു വണ്ടി പോകുന്നതിന്റെ
ലൈറ്റുവട്ടം അകലം
താണ്ടുന്നതു കണ്ടു നിന്നു.
വീടുകളന്ന്
വൈദ്യുതീകരിച്ചിരുന്നില്ല.

ഇറയത്തെ കയറ്റ് കട്ടിലിൽ
കമ്പിളി പുതച്ച ഒരമ്മൂമ്മ
ഇരുന്നു, അവർക്കു മുകളിൽ
ഇരുട്ടിൽ പേരറിയാത്ത
ഒരു വളർത്ത് കിളി
അതിന്റെ ചെറുകൂട്ടിലിരുപ്പുണ്ട്.

ഒരു പയ്യൻ
അച്ചനെ വിളിക്കാൻ പോയി
കുറേ കഴിഞ്ഞ് കറുത്ത്
ഉയരം കുറഞ്ഞ
വിയർത്തൊരാൾ
തോളിലൊരു തുമ്പയുമായ് വന്നു.

ഞങ്ങൾ വിളക്കുമായ്
ശില്പങ്ങൾ ചുട്ടുന്ന
ചൂളക്കരികിലേക്ക് പോയി

വെന്ത് മണ്ണാറിച്ചുവന്ന
ബുദ്ധൻമാരും
ആഫ്രിക്കൻ മാസ്കുകളും
അയാൾ
സഞ്ചിയിലെടുത്തു വച്ചു.

ഒരു സഞ്ചിയിൽ
കുറച്ച് കുഞ്ഞു ബുദ്ധന്മാരെ
ഞങ്ങൾക്കുള്ള
വഴിച്ചിലവിനും തന്നു.
ചൂടാറാതെ
വിശ്രാന്തിയിലിരിക്കുന്നവർക്ക്
മുകളിലേക്ക്
ബംഗ്ലാപ്പത്രവും
കച്ചിയും വന്നു വീണു.

കാലം കടന്നു പോയി
പിന്നീടൊരിക്കൽ
യാത്ര കഴിഞ്ഞു വന്ന
കൂട്ടുകാരൻ പറഞ്ഞു.

പ്രദീപ് മെഹന്ദൊയ്ക്ക്
ഭ്രാന്ത് വന്നു കിടപ്പിലായി
രോഗം ബാധിച്ചു മരിച്ചു.

തിളങ്ങുന്ന
കഷണ്ടിത്തല

നെരൂദയേപ്പോലെ
തൊപ്പി
ചെരിച്ചുവച്ച ചിരി

മടക്കിയ
ഹാഫ് കൈ
ഷർട്ടിൽ നിന്ന്
തെറിച്ചുനിൽക്കുന്ന
ഉറച്ചപേശികൾ

ആറടി പ്പൊക്കം.

തടാകക്കരയിലിരുന്ന്
അയാൾ
പാടിയ
ഭൂപൻ
ഹസാരികയുടെ
പാട്ടുകൾ

4

കഥാർസിസ്

ഒരിടത്ത് ഒരു തടാകമുണ്ടായിരുന്നു
ആ തടാകം നിറയെ
ഇരണ്ടകളായിരുന്നു.
കിലുങ്ങുന്ന ശബ്ദമുള്ളവ.
ആ ഇരണ്ടകളുടെ ശബ്ദത്തിൽ നിന്ന്
ഒരു കഥയുണ്ടായി

നിറയെ വാഴവള്ളികൾ
കീറിക്കീറി ഏച്ച് കെട്ടി
നീട്ടിയെടുത്ത്
പലവിതാനങ്ങളിൽ
കൂട്ടി വച്ചും കുരുക്കിയിട്ടും
കഴിയുന്ന ഒരു ഭ്രാന്തനുണ്ടായിരുന്നു.
അത് അയാളുടെ
സംഗീതമായിരുന്നു.

അടയാളമറിയാതിരിക്കാൻ
ഇടതു കൈത്തണ്ടയിൽ നിന്ന്
അരിവാൾ ചുറ്റിക നക്ഷത്രം
കഠാര കൊണ്ട് അറുത്ത് കളഞ്ഞ
ഒരു ഗ്രാമീണ വില്ലനും.

അയാൾ തടാകത്തിന്റെ
അങ്ങേക്കരയിലായിരുന്നു താമസം

അയാളെ
അന്വേഷിച്ച് കണ്ടെത്തി
കൊന്നുകളയാനായി
ഒരു കുറ്റിക്കാട്ടിൽ കഴിയേണ്ടി വരുന്ന
വാടകഗുണ്ടയിൽ നിന്നാണ്
കഥ തുടങ്ങുന്നത്.

അന്തരീക്ഷം നടുങ്ങും വിധമുള്ള
ശബ്ദത്തിൽ
ഇരയുടെ വാങ്മയ-
ചിത്രത്തേപ്പറ്റി പ്രതിധ്വനിക്കുന്ന
ഒരു അശരീരി ആയിരുന്നു
വാടകഗുണ്ടയുടെ മുതലാളി.

***

ഓരോ പ്രഭാതത്തിലും
അയാൾ ഒരു കുല ആമ്പലിനുള്ളിൽ
ആയുധമൊളിപ്പിച്ച്
തടാകം നീന്തി അക്കരയിറങ്ങി
കമഴ്ത്തോട്ട് പോലുള്ള
ഓലപ്പുരകൾ താണ്ടി
ഇടവഴികളിലൂടെ കണ്ണു പായിച്ച്
നടക്കുമായിരുന്നു.

ആമ്പൽ കുലകൊണ്ട് കുത്തുമ്പോൾ
പൂവ് ഉടലിൽ തട്ടി
തിരികെ പോവുകയും
ആയുധം അവയവം കണ്ടെത്തുകയും
ചെയ്യുമെന്നായിരുന്നു
ഗുണ്ടയുടെ നിശ്ചയം.

അതേ ഉപായം
ഒരു കോർമ്പൽ മീനിലും
ചെവിടേചെത്തിയെടുത്ത
പിടിത്താളിലും അയാൾ
ആവർത്തിച്ചു...

ഒരു ദിവസം അശരീരിയുടെ
ശബ്ദചിത്രത്തോട്
സാമ്യമുള്ളയാളേ കണ്ടെത്തി.
കാലിന്റെ തള്ളവിരലിലെ
കൃട്ടക്സിന്റെ നിറം വരെ
ശരിയാണ്.
കൈത്തണ്ടയിലേ
അടയാളത്തിന്റെ ഭാഗത്ത്
പച്ച വാടിയ വൃത്തത്തിലുള്ള മുറിവ് ...!

ചിലപ്പോൾ
അടയാളം മാറി
മനുഷ്യർ രക്ഷപ്പെടാറില്ലേ...?

ഛെ... ഇല്ല
ഒരിക്കലുമില്ല.

ഉറച്ച താടിയെല്ല്
ബലിഷ്ഠമായ കറുത്ത ശരീരം
ചുരുണ്ട മുടി
മുൻപല്ലുകന്ന ചിരി.

പിടയുന്ന മീൻ കോർമ്പലിൽ നിന്ന്
ഊരിയെടുത്ത വാൾ
അയാൾ വെട്ടാനായി ചുഴറ്റി

ചെവിയിൽ
ഇരണ്ടകളുടെ ശബ്ദം വന്ന് നിറഞ്ഞു.
തലക്ക് ചുറ്റും ഇരണ്ടകൾ
വാൾ അന്തരീക്ഷത്തിൽ
പാളിപ്പാളി വീണു.
പൊടുന്നനവേ അതൊരു
നൃത്തമായി മാറി.
കരിമ്പാമ്പുകളുടെ
മാറാട്ടം പോലെ.

***

ഇപ്പോൾ അയാൾ
വാഴവള്ളി കൊണ്ടല്ല
സംഗീതമുണ്ടാക്കുന്നത്

വിരലുകൊണ്ട്
അന്തരീക്ഷത്തിൽ
ഒരു സൂക്ഷ്മ ബിന്ദുവിൽ തുടങ്ങി
വലുതായി വലുതായി വരുന്ന
വലിയ വൃത്തങ്ങളിലാണ്
അയാളുടെ സംഗീതം

5

ഇളവേനിൽ കുറിപ്പുകൾ

നമ്മുടെ
അഭയങ്ങളുടെ
കരുതൽ
നമ്മെ തനിച്ചാക്കും
നോട്ടം കൊണ്ട്
കുഴച്ചു വച്ച
അകലങ്ങളിൽ
വണ്ടി ഒരു ജമന്തിപ്പാടം
പിന്നിടും.
നേരം അതിന്റെ
വേഗം കൊണ്ട്
സന്ധ്യയാക്കും
പോകെപ്പോകെ
കാറ്റ്
ആ പൂക്കളെയും
അവയുടെ
നിറത്തേയും
പച്ചയിൽ നിന്ന്
മുകളിലേക്ക്
കുലുക്കി കുലുക്കി
തെറിപ്പിക്കും
പറക്കും ഷാളിൽ
നിന്ന് വരും
വിയർപ്പ് ഗന്ധം
വയലറ്റും ബ്ലാക്കും
ചേർന്ന
'മേവ്' ആകും
അവ
ചെരിഞ്ഞ
ആകാശമാകെ
പടരും
ചോഴൻ തീർത്ത
കല്ലിന്റെ
ശിഖരങ്ങൾ
വരയെ
ആ വണ്ടി പോകൂ
അവയിൽ
തട്ടി തട്ടി
രാത്രി
പാർന്ന്
തുടങ്ങും
പിന്നെ
നമ്മൾ
വൃത്തിയുള്ള
പുതപ്പിന്റെ
സോപ്പു മണമാകും
യാത്ര
തിരിക്കും

□

ബിനു എം. പള്ളിപ്പാട്

1974-ൽ ഹരിപ്പാടിനടുത്തുള്ള പള്ളിപ്പാട്ട് ജനിച്ചു. പള്ളിപ്പാട്ട് നടുവട്ടം ഹൈസ്കൂളിലും പരുമല ദേവസ്വം ബോർഡ് പമ്പാ കോളജിലുമായി വിദ്യാഭ്യാസം. 1993-മുതൽ മലയാളത്തിലെ ആനുകാലികങ്ങളിലും സമാന്തര പ്രസിദ്ധീകരണങ്ങളിലുമായി കവിതകൾ എഴുതുന്നു. കവിതയോടൊപ്പം പുല്ലാങ്കുഴലും അഭ്യസിച്ചു. 2006-ലും 2011-ലുമായി ബാവുൽ ഗായകർക്കൊപ്പം കേരളത്തിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും യാത്ര ചെയ്തു സംഗീത പരിപാടികൾ അവതരിപ്പിച്ചു. ആദ്യകവിതാ സമാഹാരം പാലറ്റ്—2009. രണ്ടാമത്തെ സമാഹാരം അവർ കുഞ്ഞിനേ തൊട്ടമ്പോൾ (2013).

തമിഴ് കവി എൻ. ഡി. രാജ് കുമാറിന്റെ സമ്പൂർണ്ണ കവിതകൾ, ഒലിക്കാതെ ഇളവേനൽ എന്ന ഇലങ്കൻ പെൺ കവിതകൾ, സി. സി. ചെല്ലപ്പയുടെ ജല്ലിക്കട്ട് എന്ന നോവലും രാജ്കുമാറുമൊത്ത് മലയാളത്തിലേയ്ക്ക് മൊഴിമാറ്റി. എം ജി യൂണിവേഴ്സിറ്റി, മദ്രാസ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി എന്നി യൂണിവേഴ്സിറ്റികളിൽ കവിതകൾ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പുറത്തിറക്കിയ South indian dalit anthology-യിലും കവിത ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളാ സർക്കാരിന്റെ സാംസ്കാരിക സ്ഥാപനമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ "നവര"എന്ന ഇൻഡോ-ആഫ്രിക്കൻ ബാന്റിൽ ചേർന്ന് പ്രവർത്തിക്കുന്നു. ഭാര്യ അമ്പിളി, കെ. ആർ. എം ജി യൂണിവേഴ്സിറ്റിയിൽ ഗവേഷ വിദ്യാർത്ഥിയാണ്. കുമളിയിൽ താമസം.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014